**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മത്സ്യമേഖലയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഫലപ്രദമായ നിർവഹണത്തിന് പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.സി)വകുപ്പ്**

സ.ഉ.(സാധാ) നമ്പർ. 3105/2009/തസ്വഭവ തിരുവനന്തപുരം, തീയതി: 21–11–2009

പരാമർശം: (1) സ.ഉ.(പി).നം. 189/1995/തഭവ; തീയതി. 18.09.1995
(2) സ.ഉ.(പി).നം. 177/2006/ധന; തീയതി. 16.04.2006
(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 10.09.2009–ലെ യോഗതീരുമാനം [ഇനം 2.1.(ബി)]

**ഉത്തരവ്**

ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മത്സ്യമേഖലയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥനായി ഫിഷറീസ് സബ് ഇൻസ്പെക്ടറെയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാനത്തൊട്ടാകെയായി 40–ൽ താഴെ സബ് ഇൻസ്പെടക്ടർമാരെ മാത്രമേ നിർവഹണ ഉദ്യോഗസ്ഥരായി ലഭ്യമായിട്ടുള്ളൂ. സംസ്ഥാനത്ത് 200–ലേറെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും തീരപ്രദേശമുണ്ട്. ഈ തദ്ദേശഭരണ സ്ഥാപനങ്ങളെല്ലാം മത്സ്യമേഖലയിൽ പ്രോജക്ടുകൾ ഏറ്റെടുക്കാറുണ്ട്. ഭൂരിഭാഗം ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും ഉൾനാടൻ മേഖലയിലും പ്രോജക്ടുകൾ ആവിഷ്കരിക്കാറുണ്ട്. കൂടാതെ മത്സ്യവകുപ്പും ഗ്രാമപഞ്ചായത്ത്/നഗരസഭകളും സംയുക്തമായി നടപ്പാക്കുന്ന മത്സ്യകേരളം പദ്ധതി 700–ൽ പരം തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് നടപ്പാക്കുന്നത്.

2. നിർവഹണ ഉദ്യോഗസ്ഥരുടെ അഭാവം കാരണം ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും മത്സ്യമേഖലാ പ്രോജക്ടുകളുടെ നിർവഹണത്തിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി ഫിഷറീസ് ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. 10.09.2009–ന് കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയോഗം ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മത്സ്യമേഖലയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഫലപ്രദമായ നിർവഹണത്തിന് ചുവടെ പ്രതിപാദിക്കുന്നത് പ്രകാരം പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

3. ഫിഷറീസ് സബ് ഇൻസ്പെക്ടർമാർ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും സെക്രട്ടറിയായിരിക്കും മത്സ്യമേഖലാ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ. എന്നിരുന്നാലും മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ച് പ്രോജക്ട് നടപ്പാക്കേണ്ട ഉത്തരവാദിത്വം ഫിഷറീസ് വകുപ്പ് ജില്ലാ ഓഫീസർ (ഡെപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ) ചുമതല നിശ്ചയിച്ച് നൽകുന്ന ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥനായിരിക്കും. ഈ രീതിയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിന്, മത്സ്യഭവൻ ഓഫീസർ ഉൾപ്പെടെ ജില്ലയിൽ ലഭ്യമായ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് ഓരോ ഗ്രാമപഞ്ചായത്തിന്റെയും നഗരസഭയുടെയും ചുമതല ജില്ലാ ഓഫീസർ നിശ്ചയിച്ചു നൽകുന്നതാണ്. പ്രോജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുക, കണക്കുകൾ സൂക്ഷിക്കുക എന്നിവ ഇപ്രകാരം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമായിരിക്കും. പ്രോജക്ട് നടത്തിപ്പിലുണ്ടാകുന്ന സാങ്കേതികവും സംഘടനാപരവുമായ വീഴ്ചകൾക്കും ഈ ഓഫീസറായിരിക്കും ഉത്തരവാദി. ഫിഷറീസ് വകുപ്പ് ചുമതല നിശ്ചയിച്ചു നൽകിയ ഉദ്യോഗസ്ഥൻ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ട്രഷറിയിൽ നിന്നും പണം പൻവലിച്ച് നൽകേണ്ടതാണ്.

4. മത്സ്യകേരളം പദ്ധതിയുടെ നിർവഹണത്തിനും ഈ നടപടിക്രമങ്ങൾ ബാധകമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
5 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
6 സെക്രട്ടറി, ഫിഷറീസ് വകുപ്പ്
7 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
8 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
9 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 ഡയറക്ടർ, ഫിഷറീസ് വകുപ്പ്
12 മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
13 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
18 എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർമാർക്കും
19 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
20 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകളുടെയും പ്രോജക്ട് ഡയറക്ടർമാർക്ക്
24 എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർമാർക്കും (പെർഫോമൻസ് ആഡിറ്റ്)
25 എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
26 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
27 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
28 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
29 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
32 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
33 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
34 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
35 കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
5. തദ്ദേശസ്വയംഭരണ ഡി.എ./ഡി.ബി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്